പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **1789**

22.03.2012 ൽ മറുപടിയ്ക്ക്

**ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിലെ ലോക്കപ്പ് മർദ്ദനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) 17-2-2012-ൽ രാത്രി 8.30-ന് ആലപ്പുഴ ബീച്ച് വാർഡിൽ ശ്രീമതി.ഗംഗാവേണുവിന്റെ പ്രായപൂർത്തിയാകാത്ത മകൻ വിമലിനെ ആലപ്പുഴ നോർത്ത് പോലീസ്,പോലീസ് ക്വാർട്ടേഴ്സിൽ നിന്നും ജീപ്പിൽ കയറ്റിക്കൊണ്ടു പോയി മർദ്ദിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ, വിശദാംശം അറിയിക്കാമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 17.02.2012 രാത്രി 8.30 ന് ആലപ്പുഴ എ.ആർ.എ.എസ്.ഐ. ശ്രീ. ജോണിന്റെ ക്വാർട്ടേഴ്സിൽ ട്യൂഷൻ പഠിക്കുന്ന ആലപ്പുഴ ബീച്ച് വാർഡിൽ തൈപറമ്പിൽ വീട്ടിൽ ശ്രീമതി. ഗംഗാ വേണുവിന്റെ മകൻ വിമൽ, എ.ആറിലെ തന്നെ മറ്റൊരു ക്വാർട്ടേഴ്സിൽ ട്യൂഷൻ പഠിക്കുന്ന ദീപക് എന്ന കുട്ടിയുമായി വഴക്കുണ്ടാക്കിയതിനെ തുടർന്ന് ദീപക്ക് സ്റ്റേഷനിൽ വന്ന് പരാതി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആയതിനെപ്പറ്റി അന്വേഷിക്കുവാൻ സ്റ്റേഷനിൽ നിന്നും പോയ സിവിൽ പോലീസ് ഓഫീസർമാരായ ശ്രീകുമാറും, ഷൈനും വിമലിനെ ദേഹോപദ്രവം ഏൽപ്പിക്കുകയും ജീപ്പിൽ കയറ്റി സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ടു വരികയും ചെയ്തിട്ടുണ്ട്. |

.....2

(ബി) ഇതു സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ബി) പരാതി ലഭിച്ചിട്ടുണ്ട്. വിമൽ എന്ന കുട്ടിയെ പോലീസുദ്യോഗസ്ഥർ ദേഹോപദ്രവം ഏൽപ്പിച്ചതിന് ടിയാന്റെ മൊഴി വാങ്ങി ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷൻ ക്രൈം. 142/2012 സെക്ഷൻ 294(ബി) 323, 342, 34 ഐ.പി.സി., 23 ഓഫ് ജെജെ ആക്റ്റ് പ്രകാരം ആലപ്പുഴ നോർത്ത് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതാണ്. അന്വേഷണത്തിൽ, ഈ കേസിൽ ഉൾപ്പെട്ട് കുറ്റക്കാരാണെന്ന് പ്രഥമദൃഷ്ട്യാ ബോധ്യമായ തിനെ തുടർന്ന് സിവിൽ പോലീസ് ഓഫീസർ മാരായ ശ്രീകുമാർ, ഷൈൻ എന്നിവരെ ആലപ്പുഴ ജില്ലാ പോലീസ് മേധാവി 23.02.2012-ൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവായിട്ടുള്ളതും, തുടർന്ന് വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നതുമാകുന്നു. ടിയാന്മാരെ ഈ കേസിലേയ്ക്ക് 03.03.2012-ന് അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടിട്ടുണ്ട്.

(സി) ഇക്കാര്യം അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി എടുക്കുമോ ?

(സി) നിയമാനുസരണമുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പോലീസുകാർക്കെതിരെ വകുപ്പുതല നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ